(സി) പുസ്തകം വാങ്ങാനല്ലാതെ മറ്റു ആവശ്യങ്ങൾക്കായി ലൈബ്രറി കൗൺസിൽ ലൈബ്രറികൾക്ക് നൽകിയ ഗ്രാന്റിന്റെ വിശദവിവരം അനുബന്ധത്തിൽ കാണാവുന്നതാണ്.†

182 (1404) കേരള ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്ത ഗ്രന്ഥശാലകൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്ത എത്ര ഗ്രന്ഥശാലകൾ ഉണ്ട്;

(ബി) താലൂക്ക് തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് എത്ര വായനശാലകൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99 വരെ രജിസ്റ്റർ ചെയ്ത 4081 ഗ്രന്ഥശാലകൾ കേരള ഗ്രന്ഥശാല സംഘത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) അനുബന്ധം - I ആയി ചേർത്തിരിക്കുന്നു. †

(സി) 1998-99-ൽ 3750 ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ട്. ആയതു തിരിച്ചുള്ള കണക്ക് അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

183 (1405) ഗ്രന്ഥശാലകൾക്ക് നൽകുന്ന ഗ്രാന്റ്

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ ഓരോ വർഷവും കേരളത്തിൽ എത്ര ഗ്രന്ഥശാലകൾക്ക് കേരള ഗ്രന്ഥശാല സംഘം ഗ്രാന്റ് നൽകുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കു വെളിപ്പെടുത്തുമോ;

(ബി) ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത എത്ര ഗ്രന്ഥശാലകൾക്ക് 1998-99 സാമ്പത്തികവർഷം ഗ്രാന്റ് നൽകിയിട്ടുണ്ട്; ഇതിന് മൊത്തം എത്ര തുക ചെലവ് വന്നു;

(സി) 1996-97 സാമ്പത്തികവർഷം കേരളത്തിൽ എത്ര ഗ്രന്ഥശാലകൾക്ക് അഫിലിയേഷൻ ഉണ്ടായിരുന്നു; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; 1998-99 സാമ്പത്തിക വർഷം അഫിലിയേഷൻ ഉള്ള എത്ര ഗ്രന്ഥശാലകൾ കേരളത്തിൽ ഉണ്ടായിരുന്നു; ജില്ല തിരിച്ചുള്ള കണക്കു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1996-97, 97-98-ൽ 3600 ഗ്രന്ഥശാലകൾക്ക് ഒരുമിച്ച് ഗ്രാന്റ് നൽകി. 1998-99 ൽ 3750 ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി വച്ചിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly